പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 7

# 2016-ലെ കേരള നിർദ്ധനരായ വിധവകളുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കൽ ബിൽ

(ശ്രീമതി യു. പ്രതിഭാ ഹരി, എം. എൽ. എ. നോട്ടീസ് നൽകിയത്)

600/2016.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 7

# 2016-ലെ കേരള നിർദ്ധനരായ വിധവകളുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കൽ ബിൽ

(ശ്രീമതി യു. പ്രതിഭാ ഹരി, എം. എൽ. എ. നോട്ടീസ് നൽകിയത്)

സംസ്ഥാനത്തെ നിരാലംബരും നിർദ്ധനരുമായ വിധവകളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—സംസ്ഥാനത്തെ നിരാലംബരും നിർദ്ധനരുമായ വിധവകളുടെ സംരക്ഷണവും സാമൂഹ്യസുരക്ഷിതത്വവും ഒരു പുരോഗമന സമൂഹത്തിന്റെ ബാധ്യത യായതിനാലും, രാജ്യത്ത് പൊതുവെയും സംസ്ഥാനത്ത് പ്രത്യേകിച്ചും സ്ത്രീകൾക്ക് നേരെയുണ്ടായിക്കൊണ്ടിരിക്കുന്ന അതിക്രമങ്ങളുടെ പശ്ചാത്തലത്തിലും, വിധവകളുടെ സംരക്ഷണത്തിനും ക്ഷേമത്തിനും മറ്റ് അത്യാവശ്യങ്ങൾക്കുംവേണ്ടി പ്രത്യേക നിയമം ഉണ്ടാക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുക്കുന്നതിനാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയുന്ന പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്ടിന് 2016-ലെ കേരള നിർദ്ധനരായ വിധവകളുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കൽ ആക്ട് എന്ന് പേര് പറയാം.

(2) ഈ നിയമത്തിന്റെ പരിധി കേരള സംസ്ഥാനം ഒട്ടാകെയായിരിക്കും.

(3) കേരള സർക്കാർ ഗസറ്റ് വിജ്ഞാപനംമൂലം നിശ്ചയിക്കുന്ന തീയതി മുതൽ ഈ നിയമം പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ നിയമത്തിന്റെ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) 'സർക്കാർ' എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ബി) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്ട് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ടത് എന്നർത്ഥമാകുന്നു;

(സി) 'വകുപ്പ്' എന്നാൽ ഈ ആക്ടിലെ ഒരു വകുപ്പ് എന്നർത്ഥമാകുന്നു;

(ഡി) 'വിജ്ഞാപനം' എന്നാൽ ഈ ആക്ട് പ്രകാരമുണ്ടാക്കിയ ചട്ടങ്ങൾമൂലം നിർണ്ണയിക്കപ്പെട്ട ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(ഇ) 'ഫണ്ട്' എന്നാൽ അതത് തദ്ദേശസ്ഥാപനങ്ങളുടെ വാർഷിക ബഡ്ജറ്റുകൾ ഒരു നിശ്ചിത തുക ഉൾപ്പെടുത്തുകയും, വിവിധ സർക്കാർ പദ്ധതി പ്രകാരം നൽകുന്ന തുകയും എന്നർത്ഥമാകുന്നു;

(എഫ്) 'ജില്ലാ നിർദ്ധന വിധവാ ക്ഷേമ സുരക്ഷാ കൗൺസിൽ' എന്നാൽ ജില്ലാ ആസ്ഥാനത്ത് പ്രവർത്തിക്കുന്നതും, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ പഞ്ചായത്ത് സെക്രട്ടറി സെക്രട്ടറിയും, ജില്ലാ കളക്ടർ എക്സ്-ഒഫീഷ്യോയും പഞ്ചായത്ത് പ്രസിഡന്റ് നാമനിർദ്ദേശം നൽകുന്ന രണ്ട് ജില്ലാ പഞ്ചായത്ത് മെമ്പർമാരും, രണ്ട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരും, രണ്ട് മുനിസിപ്പൽ കോർപ്പറേഷൻ ചെയർമാൻ/ചെയർപേഴ്സൺ എന്നിവരും ജില്ലാ സാമൂഹ്യക്ഷേമ വകുപ്പ് ഓഫീസറും അടങ്ങിയതും, അഞ്ചിൽ കുറയാത്ത അംഗങ്ങൾ സ്ത്രീകളായും ഉള്ള ഒരു സമിതി എന്നർത്ഥമാകുന്നു;

(ജി) 'ബ്ലോക്ക് നിർദ്ധന വിധവാ സുരക്ഷാ കൗൺസിൽ' എന്നാൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ സെക്രട്ടറിയും, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് നിർദ്ദേശിക്കുന്ന രണ്ട് ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളും, ബ്ലോക്ക് സാമൂഹ്യക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനും, ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് നിർദ്ദേശിക്കുന്ന മൂന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരും അതത് ICDS സൂപ്പർവൈസർ, മുനിസിപ്പൽ ചെയർമാൻ/ചെയർപേഴ്സൺ എന്നിവരും അടങ്ങിയതും അഞ്ചിൽ കുറയാത്ത സ്ത്രീകളും ഉള്ള ഒരു സമിതി എന്നർത്ഥമാകുന്നു;

(എച്ച്) 'പഞ്ചായത്ത് നിർദ്ധന വിധവാ സുരക്ഷാ കൗൺസിൽ' എന്നാൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും പഞ്ചായത്ത് സെക്രട്ടറി സെക്രട്ടറിയും, പഞ്ചായത്ത് പ്രസിഡന്റ് നിർദ്ദേശിക്കുന്ന പഞ്ചായത്ത് സാമൂഹ്യക്ഷേമ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ/ചെയർപേഴ്സൺ, രണ്ട് പഞ്ചായത്ത് മെമ്പർമാർ, പഞ്ചായത്തിലെ താമസക്കാരായ രണ്ട് വനിതാ പൊതുപ്രവർത്തകർ, രണ്ട് അംഗനവാടി വർക്കർമാർ എന്നിവർ അടങ്ങിയതും അഞ്ചിൽ കുറയാത്ത വനിതകളും ഉള്ള ഒരു സമിതി എന്നർത്ഥമാകുന്നു;

(ഐ) 'വിധവ' എന്നാൽ ഭർത്താവ് മരണപ്പെടുകയോ, ഉപേക്ഷിക്കുകയോ ചെയ്തവരും, '40' വയസ്സ് കഴിഞ്ഞ അവിവാഹിതരും, അവിവാഹിതരായ അമ്മമാരും എന്നർത്ഥമാകുന്നു.

3. കമ്മിറ്റികളുടെ രൂപീകരണം.—(1) സംസ്ഥാനത്തെ നിർദ്ധനരായ വിധവകളുടെ സുരക്ഷാ കൗൺസിൽ രൂപീകരണവും ഘടനയും:—ഈ ആക്ട് പ്രാബല്യത്തിൽ വന്നതിനുശേഷം എത്രയുംവേഗം സർക്കാർ വിജ്ഞാപനംവഴി സംസ്ഥാനത്തിനുവേണ്ടി

വിജ്ഞാപനത്തിൽ നിർദ്ദേശിക്കുന്ന അപ്രകാരമുള്ള തീയതി മുതൽ പ്രാബല്യമുള്ള നിർദ്ധന വിധവകളുടെ ക്ഷേമ സുരക്ഷാ കൗൺസിൽ രൂപീകരിക്കേണ്ടതാണ്.

(2) സംസ്ഥാനത്തെ നിർദ്ധന വിധവകളുടെ ക്ഷേമ സുരക്ഷാ കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്:

(എ) കേരള സംസ്ഥാന സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി ചെയർമാനായിരിക്കേണ്ടതാണ്;

(ബി) കേരള സംസ്ഥാന സാമൂഹ്യക്ഷേമ സെക്രട്ടറി, സെക്രട്ടറിയായി പ്രവർത്തിക്കേണ്ടതാണ്;

(സി) സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന സംസ്ഥാനത്തു നിന്നുള്ള രണ്ട് പാർലമെന്റ് അംഗങ്ങൾ മെമ്പർമാരായി പ്രവർത്തിക്കേണ്ടതാണ്;

(ഡി) സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന സംസ്ഥാനത്തെ മൂന്ന് നിയമസഭാ സാമാജികർ മെമ്പർമാരായി പ്രവർത്തിക്കേണ്ടതാണ്;

(ഇ) സംസ്ഥാന ധനകാര്യ-തദ്ദേശസ്വയംഭരണ വകുപ്പ് മേധാവികൾ എക്സ്-ഒഫീഷ്യോ അംഗങ്ങളായി പ്രവർത്തിക്കേണ്ടതാണ്;

(എഫ്) സർക്കാർ നിർദ്ദേശിക്കുന്നതും, സംസ്ഥാനത്ത് വനിതാക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതുമായ രണ്ട് വനിതകൾ അംഗങ്ങളായി പ്രവർത്തിക്കേണ്ടതാണ്;

(ജി) സംസ്ഥാന കൗൺസിലിൽ അഞ്ചിൽ കുറയാത്ത വനിതകൾ ഉണ്ടായിരിക്കേണ്ടതും അതിൽ ഒരു വനിത പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും നിർബന്ധമായും ഉണ്ടായിരിക്കേണ്ടതുമാണ്.

4. <u>ജില്ലാതല നിർദ്ധന വിധവ ക്ഷേമ സുരക്ഷാ കൗൺസിൽ രൂപീകരണവും ഘടനയും.</u>—(1) ഈ ആക്ട് പ്രാബല്യത്തിൽ വന്നതിനുശേഷം എത്രയുംവേഗം സർക്കാർ വിജ്ഞാപനംവഴി സംസ്ഥാനത്തിനുവേണ്ടി വിജ്ഞാപനത്തിൽ നിർദ്ദേശിക്കുന്ന അപ്രകാരമുള്ള തീയതി മുതൽ പ്രാബല്യമുള്ള ജില്ലാതല നിർദ്ധന വിധവകളുടെ ക്ഷേമ സുരക്ഷാ കൗൺസിൽ രൂപീകരിക്കേണ്ടതാണ്.

(2) ജില്ലാതല നിർദ്ധന വിധവാ ക്ഷേമ സുരക്ഷാ സമിതിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്:

(എ) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പ്രസ്തുത സമിതിയുടെ ചെയർമാനായി പ്രവർത്തിക്കേണ്ടതാകുന്നു;

(ബി) ജില്ലാ പഞ്ചായത്ത് സെക്രട്ടറി സെക്രട്ടറിയായി പ്രവർത്തിക്കേണ്ടതാകുന്നു;

(സി) ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ മെമ്പറായി പ്രവർത്തിക്കേണ്ടതാകുന്നു;

(ഡി) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നാമനിർദ്ദേശം നൽകിയ രണ്ട് ജില്ലാ പഞ്ചായത്ത് മെമ്പർമാർ, രണ്ട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, രണ്ട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, രണ്ട് മുനിസിപ്പൽ/കോർപ്പറേഷൻ ചെയർമാൻ/ചെയർപേഴ്സൺ എന്നിവർ അടങ്ങുന്നതും അതിൽ അഞ്ചിൽ കുറയാത്ത വനിതകൾ അംഗങ്ങളുമായ സമിതിയാണ് രൂപീകരിക്കേണ്ടത്.

5. ബ്ലോക്കുതല നിർദ്ധന വിധവകളുടെ ക്ഷേമ സുരക്ഷാ കൗൺസിലിന്റെ രൂപീകരണവും ഘടനയും.—(1) ഈ ആക്ട് നിലവിൽ വന്നതിനുശേഷം എത്രയും വേഗം സർക്കാർ വിജ്ഞാപനംവഴി സംസ്ഥാനത്തിനുവേണ്ടി വിജ്ഞാപനത്തിൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തീയതി മുതൽ പ്രാബല്യമുള്ള നിർദ്ധന വിധവകളുടെ ക്ഷേമ സുരക്ഷാ ബ്ലോക്ക് കൗൺസിൽ രൂപീകരിക്കേണ്ടതാണ്.

(2) പ്രസ്തുത കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്:

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ സെക്രട്ടറിയും, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് നിർദ്ദേശിക്കുന്ന രണ്ട് ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളും, സാമൂഹ്യക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനും, രണ്ട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരും, അതത് ICDS സൂപ്പർവൈസർമാരും രണ്ട് മുനിസിപ്പൽ ചെയർമാൻ/ചെയർപേഴ്സൺ അടങ്ങിയതും അതിൽ രണ്ട് പേർ സ്ത്രീകളുമായ അംഗങ്ങളുള്ള സമിതിയാണ് രൂപീകരിക്കേണ്ടത്.

6. ഗ്രാമപഞ്ചായത്തുതല നിർദ്ധന വിധവകളുടെ ക്ഷേമ സുരക്ഷാ കൗൺസിലിന്റെ രൂപീകരണവും ഘടനയും.—(1) ഈ ആക്ട് പ്രാബല്യത്തിൽ വന്നതിനുശേഷം എത്രയും വേഗം സർക്കാർ വിജ്ഞാപനംവഴി സംസ്ഥാനത്തിനുവേണ്ടി വിജ്ഞാപനത്തിൽ നിർദ്ദേശിക്കുന്ന അപ്രകാരമുള്ള തീയതി മുതൽ പ്രാബല്യമുള്ള ഗ്രാമപഞ്ചായത്തുതല നിർദ്ധന വിധവകളുടെ ക്ഷേമ സുരക്ഷാ കൗൺസിൽ രൂപീകരിക്കേണ്ടതാണ്.

(2) ഗ്രാമപഞ്ചായത്തുതല നിർദ്ധന വിധവകളുടെ ക്ഷേമ സുരക്ഷാ കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്:

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നാമനിർദ്ദേശം ചെയ്യുന്ന പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ/ചെയർപേഴ്സൺ, രണ്ട് ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, അതത് പഞ്ചായത്തിൽ താമസക്കാരായ രണ്ട് വനിതാ പൊതുപ്രവർത്തകർ, രണ്ട് അംഗൻവാടി വർക്കർമാർ എന്നിവർ അടങ്ങിയതും, അതിൽ അഞ്ചിൽ കുറയാത്ത വനിതകളും ഉള്ള ഒരു സമിതി എന്നർത്ഥമാക്കുന്നു.

7. ഔദ്യോഗിക കാലാവധി.—(1) ഈ ആക്ടിൽ മറ്റുതരത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതൊഴികെ അതത് സംഗതിപോലെ, സംസ്ഥാന നിർദ്ധന വിധവകളുടെ ക്ഷേമ കൗൺസിൽ, ജില്ലാ നിർദ്ധന വിധവാ ക്ഷേമ കൗൺസിൽ, ബ്ലോക്ക് പഞ്ചായത്ത് നിർദ്ധന വിധവ ക്ഷേമ സുരക്ഷാ കൗൺസിൽ എന്നിവയിലെ എക്സ്-ഒഫീഷ്യോ മെമ്പർ ഒഴികെയുള്ള അംഗങ്ങളുടെ ഔദ്യോഗിക കാലാവധി നാമനിർദ്ദേശം ചെയ്യുന്ന തീയതി മുതൽ 5 വർഷം വരെ ആയിരിക്കുന്നതും പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതുമാണ്.

(2) ഏതൊരംഗത്തിനും അതതു സംഗതിപോലെ സർക്കാരിനെയോ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനേയോ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിനെയോ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനേയോ അറിയിച്ചുകൊണ്ട് രാജിവയ്ക്കാവുന്നതാണ്. രാജി സ്വീകരിക്കുന്നമുറയ്ക്ക് അയാൾ അംഗമല്ലാതായിത്തീരുന്നതുമാണ്.

8. ഒഴിവ്, ന്യൂനത എന്നീ കാരണങ്ങളാൽ വിവിധ കൗൺസിലുകൾ അസാധുവാകുന്നില്ലെന്ന്.—സംസ്ഥാന, ജില്ലാ, ബ്ലോക്കുതല കൗൺസിൽ എടുത്ത ഏതൊരു തീരുമാനവും നടപടിയും,—

(എ) മേൽപ്പറഞ്ഞ ഒഴിവിന്റെയോ, അതിന്റെ രൂപീകരണത്തിലെ ന്യൂനതയുടെയോ ;

(ബി) വിഷയത്തിന്റെ മൂല്യത്തെ ബാധിക്കാത്ത മേൽപ്പറഞ്ഞ കൗൺസിലുകളുടെ നടപടികളിലുള്ള ഏതെങ്കിലും ക്രമക്കേടിന്റേയോ കാരണത്താൽ മാത്രം അസാധുവാകുന്നതല്ല.

9. ഒഴിവുകൾ.—അതത് സംഗതിപോലെ സംസ്ഥാന, ജില്ലാ, ബ്ലോക്ക്, പഞ്ചായത്തുതല കൗൺസിലുകളിൽ ഉണ്ടാകുന്ന ഏതൊരു ഒഴിവും കഴിയുന്നതുംവേഗം നാമനിർദ്ദേശം ചെയ്ത് സർക്കാരോ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റോ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റോ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റോ നികത്തേണ്ടതാണ്.

10. സംസ്ഥാന, ജില്ലാതല, ബ്ലോക്കുതല, ഗ്രാമപഞ്ചായത്തുതല നിർദ്ധന വിധവകളുടെ ക്ഷേമ സുരക്ഷാ കൗൺസിലുകളുടെ യോഗങ്ങൾ.—(1) സംസ്ഥാന, ജില്ലാതല, ബ്ലോക്കുതല, ഗ്രാമപഞ്ചായത്തുതല, നിർദ്ധന വിധവകളുടെ ക്ഷേമ സുരക്ഷാ കൗൺസിൽ മൂന്നുമാസത്തിലൊരിക്കൽ നിർബന്ധമായും ചേരേണ്ടതാണ്.

(2) യോഗത്തിന്റെ ക്വാറം ആകെ അംഗങ്ങളുടെ എണ്ണത്തിന്റെ മൂന്നിലൊന്ന് ആയിരിക്കുന്നതാണ്.

(3) ചെയർമാന് തന്റെ അസാന്നിദ്ധ്യത്തിൽ യോഗത്തിന്റെ അദ്ധ്യക്ഷത വഹിക്കാൻ ഒരാളെ നാമനിർദ്ദേശം ചെയ്യാവുന്നതാണ്.

11. സംസ്ഥാനതല നിർദ്ധന വിധവകളുടെ ക്ഷേമ സുരക്ഷാ കൗൺസിലിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും.—(1) കൗൺസിൽ മുമ്പാകെ ലഭ്യമാക്കുന്ന ഏതൊരപേക്ഷയും പരിശോധിച്ച് അപേക്ഷകർക്ക് ആവശ്യമായ നിയമസഹായവും സാമ്പത്തിക സഹായവും ലഭ്യമാക്കുകയും, ആയത് ഉറപ്പുവരുത്തുകയും ചെയ്യുക.

(2) അതതു സമയത്ത് ജില്ലാ/ബ്ലോക്ക്/ഗ്രാമപഞ്ചായത്തുതല സമിതികൾക്ക് ആവശ്യമായ നിർദ്ദേശങ്ങളും ചുമതലയും നൽകുക.

(3) ഹൈക്കോടതി, സുപ്രീം കോടതി, സംസ്ഥാനതല ട്രിബ്യൂണലുകൾ തുടങ്ങി സംസ്ഥാനതലത്തിൽ വരുന്ന മുഴുവൻ കേസുകളിലും അതിവിദഗ്ദ്ധരായ അഭിഭാഷകരെ നിയമിക്കാനും കേസുകൾ നടത്തുന്നതിനാവശ്യമായ നിയമോപദേശം തേടുന്നതിനും കൗൺസിലിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(4) സംസ്ഥാനത്തിന്റെ ഏതുഭാഗത്തും ഏതൊരു വിധവയ്ക്കും സാമ്പത്തികമായ അവശതയോ, സാമൂഹ്യമായ പിന്നോക്കാവസ്ഥ കാരണമോ, വിധവയായതുകൊണ്ടുള്ള പരിമിതിയിലോ നീതിയോ, ക്ഷേമമോ ലഭിക്കാതെ വന്നതായ അറിവ് ലഭിച്ചാൽ സ്വമേധയാ ആ വ്യക്തിക്ക് ക്ഷേമവും സുരക്ഷയും ഉറപ്പാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക.

(5) ജില്ലാതല, ബ്ലോക്കുതല, ഗ്രാമപഞ്ചായത്തുതല കൗൺസിലുകളിൽ നിന്നും അപ്പീലുകൾ പരിഗണിക്കുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.

(6) അതത് കൗൺസിലുകൾക്ക് സംരക്ഷണവും ക്ഷേമവും ഉറപ്പാക്കുന്നതിനാവശ്യമായ സാമ്പത്തികസഹായം സംസ്ഥാനതല ഫണ്ടിൽ നിന്നും അർഹതപ്പെട്ട വ്യക്തിക്ക് ലഭ്യമാക്കുക.

(7) സർക്കാർ വിജ്ഞാപനംവഴി കേരള സംസ്ഥാനത്തെ നിർദ്ധനരായ വിധവകളുടെ ക്ഷേമത്തിനും സുരക്ഷയ്ക്കുമായി, ക്ഷേമനിധി എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിക്കേണ്ടതും, ഒരു ആക്ടിലേയും പദ്ധതിയിലേയും വ്യവസ്ഥകൾ പ്രകാരം കേരള സംസ്ഥാനത്തിലെ നിർദ്ധന വിധവകളുടെ പേരിൽ ഒരു നിധി രൂപീകരിക്കേണ്ടതുമാണ്.

(8) സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി അതിൽ നിർദ്ദേശിക്കുന്ന തീയതി മുതൽ പ്രാബല്യത്തോടുകൂടി നിധിയുടെ ഭരണനിർവ്വഹണത്തിനും, നിധിയിൽ നിന്ന് ധനസഹായം നൽകുന്ന പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും അവ നടപ്പാക്കുകയോ ചെയ്യുന്നതിനും സംസ്ഥാനത്തെ നിർദ്ധന വിധവകൾക്കായി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതാണ്.

(9) നിർദ്ധന വിധവകളുടെ വിവാഹ ധനസഹായവും വിധവകളുടെ മക്കളുടെ തൊഴിൽ, വിദ്യാഭ്യാസ, വിവാഹ, അടിസ്ഥാന ജീവിത സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.

12. <u>ജില്ലാതല നിർദ്ധന വിധവകളുടെ ക്ഷേമ സുരക്ഷാ കൗൺസിലുകളുടെ അധികാരങ്ങളും കർത്തവ്യങ്ങളും.</u>—(1) കൗൺസിൽ മുൻപാകെ കിട്ടുന്ന ഏതൊരപേക്ഷയും പരിശോധിച്ച് അപേക്ഷകർക്ക് ആവശ്യമായ ക്ഷേമ സുരക്ഷ ഉറപ്പാക്കാൻവേണ്ട സാമ്പത്തിക സഹായവും നിയമസഹായവും ലഭ്യമാക്കുകയും, ആയത് ഉറപ്പുവരുത്തുകയും ചെയ്യുക.

(2) അതത് സമയത്ത് ബ്ലോക്ക്/ഗ്രാമപഞ്ചായത്തുതല കൗൺസിലുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങളും ചുമതലകളും നൽകുക.

(3) ജില്ലാ കോടതികൾ, ജില്ലാ ട്രൈബ്യൂണലുകൾ തുടങ്ങി ജില്ലാതലത്തിൽ വരുന്ന മുഴുവൻ കേസുകളിലും അതിവിദഗ്ദ്ധരായ അഭിഭാഷകരെ നിയമിക്കുന്നതിനും കേസുകൾ നടത്തുന്നതിനാവശ്യമായ സാമ്പത്തിക സഹായം ചെയ്യാനും ആവശ്യമായ വിദഗ്ദ്ധ നിയമോപദേശം നേടുന്നതിനും കൗൺസിലിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(4) ജില്ലാതലത്തിൽ ഏതുഭാഗത്തും ഏതൊരു നിർദ്ധന വിധവയ്ക്കും, സാമ്പത്തികമായ അവശതകാരണമോ, സാമൂഹ്യ പിന്നോക്കാവസ്ഥ കാരണമോ, നീതി നിഷേധിക്കപ്പെടുകയോ, നിയമസംരക്ഷണമോ സാമൂഹ്യ സുരക്ഷയോ ലഭിക്കാതെ പോവുകയോ ചെയ്യുന്നതായി അറിവ് ലഭിച്ചാൽ സ്വമേധയാ ആ വ്യക്തിക്ക് നീതിയും ക്ഷേമവും ഉറപ്പാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.

(5) ബ്ലോക്കുതല, ഗ്രാമപഞ്ചായത്തുതല ക്ഷേമ സുരക്ഷാ കൗൺസിലുകളിൽ നിന്നും അപ്പീൽ പരിഗണിക്കാനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.

(6) നിർദ്ധന വിധവകളുടെ ക്ഷേമ സുരക്ഷയ്ക്കായി നൽകാൻ ആവശ്യമായ സാമ്പത്തിക സഹായം ജില്ലാതല ഫണ്ടിൽനിന്നും അർഹതപ്പെട്ട വ്യക്തികൾക്ക് ലഭ്യമാക്കുക.

(7) ബ്ലോക്കുതല/ഗ്രാമപഞ്ചായത്തുതല കൗൺസിലുകളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ സഹായങ്ങളും ഉപദേശങ്ങളും നൽകുക.

(8) സർക്കാരിൽനിന്നും മറ്റ് ഏജൻസികളിൽനിന്നും നിർദ്ധന വിധവകൾക്ക് ലഭിക്കുന്ന സഹായങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യമായ ഇടപെടൽ നടത്തുക.

(9) വിവിധ തൊഴിൽ പദ്ധതികളിൽ വിധവകൾക്ക് അർഹമായ അവസരം ഉറപ്പുവരുത്താനും സ്വയംതൊഴിൽ പദ്ധതികൾക്ക് സാമ്പത്തിക സഹായവും വായ്പയും നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കുക.

13. <u>ബ്ലോക്കുതല നിർദ്ധന വിധവകളുടെ ക്ഷേമ സുരക്ഷാ കൗൺസിലിന്റെ അധികാരവും കർത്തവ്യങ്ങളും</u>.—(1) കൗൺസിൽ മുൻപാകെ ലഭ്യമായ ഏതൊരപേക്ഷയും പരിശോധിച്ച് അപേക്ഷകർക്ക് ആവശ്യമായ സാമ്പത്തികവും മറ്റ് സഹായങ്ങളും ലഭ്യമാക്കുകയും ആയത് ഉറപ്പുവരുത്തുകയും ചെയ്യുക.

(2) അതത് സമയത്ത് പഞ്ചായത്ത് കൗൺസിലുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങളും ചുമതലകളും നൽകുക.

(3) താലൂക്കുതലത്തിൽ വരുന്ന മുഴുവൻ കേസുകളിലും നിയമ സഹായവും സാമ്പത്തിക സഹായവും നൽകുക.

(4) ബ്ലോക്കുതലത്തിൽ ഏതുഭാഗത്തും ഏതൊരു വിധവയ്ക്കും, സാമ്പത്തികമായ അവശതകളോ സാമൂഹ്യമായ പിന്നോക്കാവസ്ഥയോ, നീതിനിഷേധമോ ലഭിക്കാതെ പോവുകയോ ചെയ്താൽ ആ വ്യക്തിക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുക.

(5) ഗ്രാമപഞ്ചായത്തുതല കൗൺസിലിൽ നിന്നും വരുന്ന അപ്പീലുകൾ പരിഗണിക്കാനുള്ള അവകാശം.

(6) ബ്ലോക്കുതലത്തിൽ നിന്നും നൽകുന്ന വിവിധ ആനുകൂല്യങ്ങൾ അർഹതപ്പെട്ടവർക്ക് ലഭ്യമാക്കുക.

(7) അതത് സമയങ്ങളിൽ സംസ്ഥാന-ജില്ലാ കൗൺസിലുകൾ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുക.

(8) വിവിധ തൊഴിൽ പദ്ധതികളിൽ വിധവകൾക്ക് അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്താനും സ്വയംതൊഴിൽ പദ്ധതികൾക്കും മറ്റും സഹായധനവും വായ്പയും നടപ്പിലാക്കുകയും ചെയ്യുക.

14. ഗ്രാമപഞ്ചായത്തുതല നിർദ്ധന വിധവകളുടെ ക്ഷേമ സുരക്ഷാ കൗൺസിലിന്റെ കർത്തവ്യങ്ങളും ചുമതലയും.—(1) സമിതി മുൻപാകെ ലഭ്യമാകുന്ന ഏതൊരപേക്ഷയും പരിശോധിച്ച് അപേക്ഷകർക്ക് ആവശ്യമായ നിയമസഹായവും സാമ്പത്തിക സഹായവും ലഭ്യമാക്കുകയും ആയത് ഉറപ്പുവരുത്തുകയും ചെയ്യുക.

(2) ഗ്രാമപഞ്ചായത്ത് തലത്തിൽ വരുന്ന മുഴുവൻ വിധവകളുടെയും, 40 വയസ്സുകഴിഞ്ഞ അവിവാഹിതരുടെയും, അവിവാഹിതരായ അമ്മമാരുടെയും കണക്കുകളും അവരുടെ ജീവിത സാമ്പത്തിക പശ്ചാത്തലവും, സൂക്ഷ്മമായ വിവരങ്ങളും ശേഖരിച്ച് രജിസ്റ്റർ ചെയ്ത് സൂക്ഷിക്കുക.

(3) വർഷാവർഷം ഈ രജിസ്റ്റർ പരിശോധിക്കുകയും പുതിയ വിവരങ്ങൾ സർവ്വേ നടത്തി രേഖപ്പെടുത്തുകയും ചെയ്യുക.

(4) വിധവകളുടെ അടിസ്ഥാന ജീവിതാവശ്യങ്ങളായ സ്ഥലം, വീട്, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് വിധവകളുടെ ആശ്രിതരുടെ വിദ്യാഭ്യാസം, തൊഴിൽ, വിവാഹ ധനസഹായം, വായ്പയും മറ്റ് സർക്കാർ സഹായങ്ങളും അർഹതപ്പെട്ടവർക്ക് ലഭ്യമാക്കുന്നതിനാവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും ഉറപ്പാക്കുകയും ചെയ്യുക.

(5) സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് വിധവകളെ കൈപിടിച്ചുയർത്താനുള്ള വിവിധ ഏജൻസികളുടെയും സർക്കാരിന്റെയും പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പാക്കുക.

(6) അതതുസമയത്ത് നിർദ്ധന വിധവകൾക്കുള്ള സംസ്ഥാന-ജില്ലാ-ബ്ലോക്ക്-കൗൺസിലുകൾ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുക.

(7) ഗ്രാമപഞ്ചായത്തിലെ കൗൺസിലിന്റെ ഫണ്ടിൽനിന്നും അതതു കൗൺസിലിലെ വിധവകൾക്ക് അർഹതപ്പെട്ട സാമ്പത്തിക സഹായം ലഭ്യമാക്കുക.

(8) ഗ്രാമപഞ്ചായത്തുതലത്തിൽ ഏതുഭാഗത്തും ഏതു വ്യക്തിക്കും ക്ഷേമ സുരക്ഷ ആവശ്യമാണെന്ന് കൗൺസിലിന് ബോധ്യമായാൽ സ്വമേധയാ ആ വ്യക്തിക്ക് ആവശ്യമായ സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുകയും, അത് ഉറപ്പാക്കുകയും ചെയ്യുക.

15. നിർദ്ധന വിധവകൾക്കുള്ള സംസ്ഥാന, ജില്ലാ-ബ്ലോക്ക്-ഗ്രാമപഞ്ചായത്തുതല ഫണ്ടുകളുടെ രൂപീകരണം.—അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക ബഡ്ജറ്റിൽ ഒരു നിശ്ചിതതുക ഉൾപ്പെടുത്തുകയും, വിവിധ സർക്കാർ പദ്ധതിപ്രകാരം നൽകുന്ന തുകയും, സംഭാവനയിലൂടെയും സ്പോൺസർഷിപ്പിലൂടെയും കിട്ടുന്ന തുകവഴിയുമാണ് ഫണ്ട് രൂപീകരണം നടത്തേണ്ടത്.

16. <u>വാർഷിക റിപ്പോർട്ടും കണക്കും.</u>—ഓരോ സാമ്പത്തിക വർഷവും ആരംഭിച്ച് മൂന്നുമാസത്തിനുള്ളിൽ തൊട്ടുമുൻവർഷത്തെ വാർഷിക റിപ്പോർട്ടും, ആഡിറ്റ് ചെയ്ത പ്രകാരമുള്ള കണക്കുകളും കൗൺസിലിൽ അവതരിപ്പിച്ച് പാസ്സാക്കിയശേഷം കാര്യനിർവ്വഹണങ്ങൾ ഗവൺമെന്റിന് സമർപ്പിക്കേണ്ടതാണ്.

17. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.</u>—(1) ഗസറ്റിൽ പ്രസിദ്ധീകരിച്ച വിജ്ഞാപനം മുഖേന ഈ ആക്റ്റ് നടപ്പാക്കുന്നതിനാവശ്യമായ എല്ലാ ചട്ടങ്ങളും സർക്കാരിന് ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ഏതൊരു ചട്ടവും അത് ഉണ്ടാക്കിയ ശേഷം കഴിയുന്നത്രവേഗം നിയമസഭ സമ്മേളനത്തിലിരിക്കുമ്പോൾ അതിന്റെ മുമ്പാകെ 14 ദിവസത്തേക്ക്, അത് ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോ ഉൾപ്പെടെ, വയ്ക്കേണ്ടതും അപ്രകാരം അത് വയ്ക്കുന്ന സമ്മേളനമോ, അതിന് തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ് നിയമസഭ ചട്ടങ്ങളിൽ എന്തെങ്കിലും ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ഈ ചട്ടത്തിന് അതിനുശേഷം അതത് സംഗതി പോലെ അങ്ങനെ ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുന്നതോ അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുന്നതോ ആകുന്നു. എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിപ്പെടുത്തലോ ദുർബ്ബലപ്പെടുത്തലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തതായ യാതൊന്നിന്റേയും സാധുതയ്ക്ക് ഭംഗംവരുത്താത്ത വിധത്തിലായിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരളത്തിൽ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കംനിൽക്കുന്ന ഒരു ജനവിഭാഗമാണ് വിധവകൾ. നിരാലംബരും നിർദ്ധനരുമായ വിധവകളുടെ സംരക്ഷണവും ക്ഷേമവും ഒരു പുരോഗമന സമൂഹത്തിന്റെ ബാധ്യതയായതിനാലും, രാജ്യത്ത് പൊതുവെയും സംസ്ഥാനത്ത് പ്രത്യേകിച്ച് സ്ത്രീകൾക്ക് നേരിട്ടുകൊണ്ടിരിക്കുന്ന അതിക്രമങ്ങളുടെ പശ്ചാത്തലത്തിലും വിധവകളുടെ സംരക്ഷണത്തിനും ക്ഷേമത്തിനും മറ്റ് അത്യാവശ്യങ്ങൾക്കുംവേണ്ടി പ്രത്യേക നിയമം ഉണ്ടാക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുക്കുന്നതിനാൽ ഈ വസ്തുത കാര്യകാരണങ്ങൾ സഹിതം പഠിച്ച് ഒരു നിയമം ഉണ്ടാക്കേണ്ടതാണ്. ഭർത്താവ് മരണപ്പെടുകയോ, ഉപേക്ഷിക്കപ്പെട്ടുപോവുകയോ ചെയ്തവരും, 40 വയസ്സിനുമേൽ പ്രായമായവരും, സാമ്പത്തിക കാരണങ്ങളാലും മറ്റ് കാരണങ്ങളാലും വിവാഹം കഴിക്കാത്തവരും, അവിവാഹിതരായിരിക്കെതന്നെ അമ്മയാകേണ്ടിവന്നവരുമായ നിരാലംബരായ വിധവകളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കാനും ബോധപൂർവ്വവും, നിയമാനുസൃതവുമായ ഇടപെടൽ അനിവാര്യമായി ത്തീർന്നിരിക്കുന്ന സാഹചര്യത്തിൽ, വിധവകളുടെ വിവാഹം നടത്തപ്പെടുന്നതിനും, അവരുടെ ആശ്രിതരുടെ വിദ്യാഭ്യാസം, തൊഴിൽ, വിവാഹാദികാര്യങ്ങൾക്കും പാർപ്പിടത്തിനും സാമ്പത്തിക-സാമൂഹ്യ സുരക്ഷയേയും ലാക്കാക്കിയുള്ളതുമാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ സംബന്ധിച്ച് ആനുകൂല്യങ്ങൾ നൽകുന്നതിന് ഗവൺമെന്റിന് സാമ്പത്തികബാധ്യത വരുന്നതാണ്. എന്തുമാത്രം സാമ്പത്തിക ബാധ്യതകൾ ഉണ്ടാകും എന്നത് തിട്ടപ്പെടുത്താൻ കാലവിളംബം ഉണ്ടാകുന്നതാണ്. എന്നിരുന്നാലും 75 ലക്ഷം രൂപ സഞ്ചിതനിധിയിൽ നിന്നും പ്രതീക്ഷിക്കുന്നു.

## ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ഇതിലെ വ്യവസ്ഥപ്രകാരം സർക്കാരിന് വിജ്ഞാപനംവഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ ആക്ടിനനുസരിച്ച് ഉണ്ടാക്കുന്ന ചട്ടങ്ങൾ സഭയുടെ മുമ്പാകെ വയ്ക്കാനും സഭയ്ക്ക് അത് ഭേദഗതി വരുത്താനും റദ്ദാക്കാനും അധികാരം ഉണ്ടായിരിക്കുന്നതാണ്. ആയതിനാൽ ഏൽപ്പിച്ചു കൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തിലുള്ളതാണ്.

യു. പ്രതിഭാ ഹരി, എം. എൽ. എ.